ബാധ്യതാ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിലെ കാലതാമസം

228(3114) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാധ്യതാ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതു നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ബാധ്യതാ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ബാധ്യതാ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഓൺലൈനായി നൽകുന്നതിനുള്ള പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഡിജിറ്റൽ ഒപ്പോടുകൂടിയ ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം തിരുവനന്തപുരം ജില്ലയിൽ പൂർത്തീകരിക്കുകയും മറ്റ് ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയും ചെയ്യുന്നു.

(ബി) പൊതുജനങ്ങൾക്ക് സബ് രജിസ്ട്രാർ ഓഫീസുകളിൽ നേരിട്ടു പോകാതെ ഓൺലൈൻ ആയി ബാധ്യതാ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ കഴിയുക എന്നതാണ് ഈ പദ്ധതി മുഖേന ഉദ്ദേശിക്കുന്നത്.

(സി) BSNL, KSWAN എന്നീ ഏജൻസികളുടെ സഹായത്തോടുകൂടി Leased Line സർക്യൂട്ട് കണക്ടിവിറ്റി എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും നൽകുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. എൻ.ഐ.സി.-യുടെ സോഫ്റ്റ്വെയർ സംവിധാനത്തിലൂടെ സബ് രജിസ്ട്രാർ ഓഫീസുകളിലെ ഡാറ്റാ, സ്റ്റേറ്റ് ഡാറ്റാസെന്ററിൽ കേന്ദ്രീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly